# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുണാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1746/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/02/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1746/2022 തീയ്യതി: 10/02/2023

## ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2021 മുതൽ 13-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ് | ഡെപ്യൂട്ടി ഡയറക്ടർ | 14-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജിമോൻ വി. ജി. (ഓഡിറ്റ് ഓഫീസർ)
ശ്രീ. ജോസഫ് ചാക്കോ (അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ)
ശ്രീ. ബെന്നി മാത്യു (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ജോമോൻ ഫ്രാൻസിസ്(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. വിഷ്ണു പി. കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. സെബിൻ സെബാസ്റ്റ്യൻ(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിൻസി വാവച്ചൻ | പ്രസിഡന്റ് | 01-04-2021 | 03-08-2021 |
| ശ്രീമതി റാബി സിദ്ദിഖ് | പ്രസിഡന്റ് | 04-08-2021 | 14-09-2021 |
| ശ്രീമതി മിനി പ്രിൻസ് | പ്രസിഡന്റ് | 15-09-2021 | 31-03-2022 |
| ശ്രീ സുനിൽ സെബാസ്റ്റ്യൻ | സെക്രട്ടറി | 01-04-2021 | 05-09-2021 |
| ശ്രീ ബ്രൈറ്റ്മോൻ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-09-2021 | 17-09-2021 |
| ശ്രീ സുനിൽ സെബാസ്റ്റ്യൻ | സെക്രട്ടറി | 18-09-2021 | 06-02-2022 |
| ശ്രീമതി റസീന കെ.എസ്. | സെക്രട്ടറി | 07-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബ്രൈറ്റ്മോൻ പി. | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 08-03-2022 |
| ശ്രീമതി രേഖ റ്റി. സോമൻ | അസിസ്റ്റൻറ് സെക്രട്ടറി | 09-03-2022 | 31-03-2022 |
| ശ്രീ. അബ്ദുൾ സമദ് പി. എസ്. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 30-04-2021 |
| ശ്രീ. സനിൽ | അസിസ്റ്റന്റ് എൻജിനീയർ | 01-05-2021 | 31-05-2021 |
| ശ്രീമതി രശ്മി രാജൻ | അസിസ്റ്റന്റ് എൻജിനീയർ (അധിക ചുമതല) | 01-06-2021 | 04-07-2021 |
| ശ്രീ. സാം ക്രിസ്റ്റി ജോൺ | അസിസ്റ്റന്റ് എൻജിനീയർ | 05-07-2021 | 31-03-2022 |
| ശ്രീ. നിതിൻകുമാർ എസ്. | കൃഷി ഓഫീസർ | 01-04-2021 | 28-09-2021 |
| ശ്രീമതി ഡല്ല തോമസ് | കൃഷി ഓഫീസർ | 29-09-2021 | 03-12-2022 |
| ഡോ. വിനീത പി. സൈമൺ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ലേഖ രാജേന്ദ്രൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 20-12-2021 |
| ശ്രീമതി ആൻസി റ്റി. യോഹന്നാൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 21-12-2021 | 31-03-2022 |
| ശ്രീമതി റീനാമോൾ ചാക്കോ | വി.ഇ.ഒ | 01-04-2021 | 03-10-2021 |
| ശ്രീമതി രമ്യ എസ്. പണിക്കർ | വി.ഇ.ഒ | 04-10-2021 | 31-03-2022 |
| ശ്രീ. ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ. വിശാഖ് സി. കെ. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തത് | 1-3-1 |
| 5 | ക്യാരി ഓവർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തത് | 1-3-2 |
| 6 | ക്യാരി ഓവർ ചെയ്ത് ലഭിക്കുന്നതും ലാപ്സായതുമായ തുകകളുടെ വിവരങ്ങൾ | 1-3-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 9 | ക്ഷേമ പദ്ധതികൾ | 1-6 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 12 | വാർഷിക കണക്ക് അപാകതകൾ | 1-9 |
| 13 | കൃത്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്താത്തതിനാൽ പ്രോജക്റ്റ് ചെലവ് വാർഷിക പദ്ധതി ചെലവിൽ ഉൾപ്പെട്ടില്ല | 1-9-1 |
| 14 | ILGMSൽ ഔട്ട്ഡോർ കളക്ഷൻ എന്ന ശീർഷകത്തിൽ പിരിവ് തുകകൾ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നു | 1-10 |
| 15 | ഉപയോഗക്രമം പരിഗണിക്കാതെ വസ്തുനികുതി  നിർണ്ണയിച്ചു | 1-11 |
| 16 | ഒരേ കെട്ടിടത്തിലെ മുറികളെ/സമീപ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിലുൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി | 1-12 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയം,പിരിവ് നടപടിക്രമങ്ങളിലെ അപാകതകൾ | 1-13 |
| 18 | മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല | 1-14 |
| 19 | റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചില്ല | 1-15 |
| 20 | ഇ-ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-16 |
| 21 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഒരേ വ്യക്തികൾക്ക് ഒന്നിലധികം പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം നൽകി - ₹37,315/- നിരാകരിക്കുന്നു | 1-17 |
| 22 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഫയൽ സൂക്ഷിപ്പിലെ പൊതു അപാകതകൾ | 1-17-1 |

| | | |
|---|---|---|
| 23 | അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച | 1-18 |
| 24 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല | 1-19 |
| 25 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ - ₹3,01,183/-യുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു | 1-20 |
| 26 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 27 | തൂക്കുപാലം ആധുനിക പബ്ലിക് മാർക്കറ്റ് സമുച്ചയ നിർമ്മാണത്തിലെ അപാകതകൾ | 1-22 |
| 28 | അധിക നിരക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും യഥാർത്ഥത്തിൽ നിർവ്വഹിക്കാത്ത ഇനം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്ടുകൾ നടപ്പാക്കി | 1-23 |
| 29 | ഒരേ റോഡ് നിർമ്മാണ പ്രവൃത്തി രണ്ട് പ്രോജക്ടുകളിലൂടെ നടപ്പാക്കിയത് മൂലം അധിക ചെലവുണ്ടായി | 1-24 |
| 30 | SSA/PMAYവിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഒരേ വ്യക്തികൾക്ക് ഒന്നിലധികം പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം നൽകി - ₹37,315/- നിരാകരിക്കുന്നു | 3-1 |
| 2 | അധിക നിരക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും യഥാർത്ഥത്തിൽ നിർവ്വഹിക്കാത്ത ഇനം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്ടുകൾ നടപ്പാക്കി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം *** | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തേയ്ക്കുള്ള ഗ്രാമ പഞ്ചായത്തിന്റെ ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 20.02.2021-ലെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. 03-03-2022-ലെ 3-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവതരിപ്പിച്ച 2021-22 വർഷത്തെ പരിഷ്കരിച്ച ബജറ്റ് 15-03-2022-ലെ 3-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസാക്കിയിട്ടുണ്ട്. പ്രസ്തുത ബജറ്റ് പ്രകാരം ₹1,54,10,967/- മുന്നിരിപ്പും ₹33,47,42,901/- വരവും ₹32,98,76,630/- ചെലവും ₹2,02,77,238/- മിച്ചവും ആകുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 21.06.2022 | -- | -- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ്/ അലോട്ട്മെന്റ് | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 17312059 | 17312059 | 16897451 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4288067 | 4288067 | 3945954 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 14032 | 14032 | 0 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 0 | 0 | 0 | 0 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 3966468 | 3966468 | 1554657 | 2411811 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 10690500 | 10690500 | 5808648 | 4881852 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 37294000 | 37294000 | 29813012 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 8870510 | 8870510 | 5575092 | 0 |
| തൊഴിലുറപ്പ് പദ്ധതി - തൊഴിലാളികളുടെ കൂലി | 0 | 66143142 | 66143142 | 66143142 | 0 |
| തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവ് | 264176 | 2305659 | 2569835 | 2569106 | 729 |
| ടോട്ടൽ സാനിറ്റേഷൻ | 2135084 | | 2135084 | 1933792 | 201292 |
| ഐ.സി.ഡി.എസ് | 35786 | 752445 | 788231 | 652020 | 136211 |
| ശബരിമല | 869566 | 0 | 869566 | 869566 | 0 |
| ടോയ്‌ലെറ്റ് | 12000 | 0 | 12000 | 12000 | 0 |
| ശുചിത്വ മിഷൻ | 907043 | 689000 | 1596043 | 898043 | 698000 |
| ജലനിധി + പലിശ (1424211+806473) | 2230684 | 433876 | 2664560 | 373035 | 2291525 |
| 320200305 പ്രത്യേക ഗ്രാന്റ് | 1058986 | 3140000 | 4198986 | 2965302 | 1233684 |
| 320300199 പ്രത്യേക ഗ്രാന്റ് | 40000 | 1105344 | 1145344 | 1005344 | 140000 |

| | | | | | |
|---|---|---|---|---|---|
| 320700105 ജില്ലാപഞ്ചായത്ത് വിഹിതം | 3375130 | 5000000 | 8375130 | 8125613 | 249517 |
| 320700405 ജില്ലാപഞ്ചായത്ത് വിഹിതം | 2200000 | 0 | 2200000 | 1800000 | 400000 |
| 320700204 ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 40100 | 50670 | 90770 | 50670 | 40100 |
| 320700404 ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 640000 | 2964000 | 3604000 | 3244000 | 360000 |
| എസ്.ജി.എസ്.വൈ | 14759 | 492 | 15251 | 15251 | 0 |
| എസ്.എസ്.എ. | 33051 | 1102 | 34153 | 34153 | 0 |
| വാട്ടർഷെഡ് | 20069 | 669 | 20738 | 20738 | 0 |
| സാക്ഷരത | 34186 | 30105 | 64291 | 64291 | 0 |
| എം.എൽ.എ. ഫണ്ട് | 0 | 285251 | 285251 | 285251 | 0 |

### 1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തത്

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. വാർഷികകണക്കിൽ പ്രസ്തുത തുക ചേർത്തിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 4134351 | 1752000 |
| വികസനഫണ്ട് (SCP) | 192316 | 0 |

### 1-3-2 ക്യാരി ഓവർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തത്

വികസന ഫണ്ട്, SCP, TSP ഇനങ്ങളിൽ GO(Rt)No.2617/2022/Fin./Dt. 31-03-2022 പ്രകാരം, മുൻവർഷ ക്യാരി ഓവർ തുക താഴെ ചേർത്തിരിക്കുന്ന പ്രകാരം ലഭ്യമായ തുകകൾ തൻവർഷം വരവിൽ എടുത്തിട്ടില്ല. പ്രസ്തുത തുകകൾ ഉൾപ്പെടുത്തിയാണ് ഗ്രാന്റ് (I-3) കണക്കാക്കിയിരിക്കുന്നത്.

| ഫണ്ട് | ക്യാരി ഓവർ തുക ₹ |
|---|---|
| വികസനഫണ്ട് (ജനറൽ) | 46059 |
| വികസനഫണ്ട് (SCP) | 144067 |
| വികസനഫണ്ട് (TSP) | 14032 |

### 1-3-3 ക്യാരി ഓവർ ചെയ്ത് ലഭിക്കുന്നതും ലാപ്സായതുമായ തുകകളുടെ വിവരങ്ങൾ

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക ലാപ്സായി.

| ഗ്രാന്റ് | അലോട്ട്മെന്റ് | ചെലവ് | 2022-23ൽ അനുവദിക്കുന്ന | ലാപ്സായ |
|---|---|---|---|---|

| | ₹ | ₹ | ക്യാരി ഓവർ തുക ₹ | തുക ₹ |
|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 17312059 | 16897451 | 414608 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 4288067 | 3945954 | 342113 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 37294000 | 29813012 | 7458800 | 22188 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 8870510 | 5575092 | 1774102 | 1521316 |

## 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 186974197 | 134 | 83465795 | 0 | 44 | 75.28 |

2021-22 വർഷം ആകെ 18.70 കോടി രൂപ അടങ്കലിൽ 178 പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 834.7 ലക്ഷം തുക ചെലവഴിച്ച് 134 പദ്ധതിക്കാണ് നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി അടങ്കൽ ₹ | ചെലവ് ₹ | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ആഫീസർ | 3 | 3 | 5482000 | 4172125 | 100.00 | 76.11 |
| 2 | വെറ്റിനറി സർജൻ | 4 | 3 | 520000 | 311497 | 75.00 | 59.90 |
| 3 | മെഡിക്കൽ ആഫീസർ പി.എച്ച്.സി/സി.എച്ച്.സി | 3 | 3 | 1942000 | 1942000 | 100.00 | 100.00 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ | 13 | 8 | 75827259 | 9317480 | 61.54 | 12.29 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 5068538 | 4925902 | 100.00 | 97.19 |
| 6 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 47 | 26 | 35302883 | 13906838 | 55.32 | 39.39 |
| 7 | അസി. എഞ്ചിനീയർ (തസ്വഭവ.) | 101 | 84 | 57631517 | 44922573 | 83.17 | 77.95 |
| 8 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3500000 | 2267380 | 100.00 | 64.78 |
| 9 | അസി. സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 3 | 3 | 1700000 | 1700000 | 100.00 | 100.00 |
| | ആകെ | 178 | 134 | 186974197 | 83465795 | 75.28 | 44.64 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 264176 | 2305695 | 2569871 | 2569142 | 729 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 66143142 | 66143142 | 66143142 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3474300 | 230 |
| വിധവ പെൻഷൻ | 19947900 | 1297 |
| വാർദ്ധക്യകാല പെൻഷൻ | 35571400 | 2435 |
| വികലാംഗപെൻഷൻ | 5123900 | 336 |
| അവിവാഹിതർക്കുള്ള പെൻഷൻ | 263400 | 21 |
| തൊഴിലില്ലായ്മ വേതനം | 23520 | 28 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8,087/- (എണ്ണായിരത്തി എൺപത്തേഴ് രൂപ മാത്രം) ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന

| തസ്തിക | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം |
|---|---|
| സെക്രട്ടറി | 01 |
| അസി. സെക്രട്ടറി | 01 |
| ഹെഡ്ക്ലാർക്ക് | 01 |
| അക്കൗണ്ടന്റ് | 01 |
| സീനിയർ ക്ലാർക്ക് | 04 |
| ക്ലാർക്ക് | 03 |
| ഡ്രൈവർ | 01 |
| ഓഫീസ് അറ്റന്റന്റ് | 02 |
| പാർട് ടൈം സ്വീപ്പർ | 02 |

- ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.
- ഭരണ സമിതി-സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ആസൂത്രണ-നിർവ്വഹണ പ്രക്രിയകളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാവുന്നതായി കാണുന്നില്ല.
- തനത് വരുമാന സ്രോതസുകൾ പരമാവധി ചൂഷണം ചെയ്ത് വരുമാന വർദ്ധനവ് ഉറപ്പാക്കുന്ന നടപടികൾ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. പിരിവ് ശതമാനവും വരവിനങ്ങളിലെ വൻകുടിശ്ശികയും അക്കാര്യം സ്ഥിരീകരിക്കുന്നു (പിരിവ് ശതമാനം 2020-21 -82 %, 2021-22 – 78% )
- നികുതി/ഫീസ് നിർണയം, ചുമത്തൽ, ഈടാക്കൽ നടപടി ക്രമങ്ങളിൽ ഏറെ അപാകതകൾ സംഭവിച്ചിട്ടുള്ളത് ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.
- ഗ്രാമപഞ്ചായത്ത് 01.04.2022-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണ നിർവ്വഹണം ആരംഭിച്ചത്. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്‌വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റ്‌വെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.
- സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, തുടങ്ങിയവ പരിപാലിക്കുന്നുണ്ട്.
- കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.
- സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

- പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്.
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.
- വാർഷിക പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയും കാര്യക്ഷമതയും കൈവരിച്ചിട്ടില്ല. 2020-21 വർഷം ആരംഭിച്ച ബൃഹത് പദ്ധതിയായ ആധുനിക മാർക്കറ്റ് സമുച്ചയ നിർമ്മാണം സ്ട്രക്ച്ചർ വരെയുള്ള ഘട്ടത്തിൽ നിലച്ച അവസ്ഥയിലാണ്. ഇതിന് വേണ്ടി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതമായ 50 ലക്ഷം രൂപ വിനിയോഗിക്കാനാകാതെ പാഴായതും എടുത്ത് പറയേണ്ട വിഷയമാണ്. ഇത് സംബന്ധമായ പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.
- നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.
- പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവു ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.
- വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവ്വഹണം വർഷാവസാനത്തേക്ക്

കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവ്വഹണത്തിലെ വലിയ പാളിച്ചയായി.

. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദാക്കാത്തതിനാൽ അനർഹമായി തുക ക്രമീകരിച്ചിരിക്കാനുള്ള സാധ്യത നില നിൽക്കുന്നു.

## 1-9 വാർഷിക കണക്ക് അപാകതകൾ

1. ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം സർട്ടിഫിക്കറ്റ് നം.052 പ്രകാരം സ്ഥിര നിക്ഷേപമായി ₹5,38,000/- പുതുക്കി നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ബി-12 പത്രികയിൽ ₹44,6,226/- മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2. വാർഷിക കണക്കിലെ ബി-4 പത്രികയിൽ ആകെ ബാധ്യതയായി ₹1,10,82,389/-യാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബി-17 പത്രികയിലെ ആകെ ബാങ്ക്, ട്രഷറി, കൈയിരിപ്പ് പണം എന്നിവ ഉൾപ്പെടെ നീക്കിയിരിപ്പ് തുക ₹1,05,73,901/- മാത്രമാകുന്നു. ആയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ബാധ്യതയായി അവശേഷിക്കുന്ന തുകകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് എന്നത് വ്യക്തമല്ല.

### 1-9-1 കൃത്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്താത്തതിനാൽ പ്രോജക്റ്റ് ചെലവ് വാർഷിക പദ്ധതി ചെലവിൽ ഉൾപ്പെട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | എസ്. 142/2022 (ഭൂരഹിത-ഭവന രഹിതർക്ക് ഭൂമി വാങ്ങൽ) |
| ചെലവ് | ₹18,00,000/- ( ജില്ലാപഞ്ചായത്ത് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം തൻവർഷം 2 ലക്ഷം രൂപ വീതം ചെലവഴിച്ച് 9 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവ് തുകയിൽ 16 ലക്ഷം രൂപ സംയോജിത പദ്ധതികളുള്ള ധനസഹായങ്ങൾ സൂക്ഷിക്കുന്നതിനായി ആരംഭിച്ച സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽനിന്ന് (A/C No.799013100000700) ചെലവഴിച്ചുവെങ്കിലും യഥാവിധി സമയബന്ധിതമായി അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്താതിരുന്നതിനാൽ സുലേഖയിൽ ക്രോഡീകരിച്ച വാർഷിക പദ്ധതി കണക്കുകളിൽ ഉൾപ്പെട്ടില്ല. ഈ അപാകത മൂലം പദ്ധതി ചെലവ് കണക്കുകളിൽ ഗണ്യമായ കുറവാണ് സംഭവിച്ചിട്ടുള്ളത്. പ്രസ്തുത അപാകത പരിഹരിച്ച് കണക്കുകൾ കൃത്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ILGMSൽ ഔട്ട്ഡോർ കളക്ഷൻ എന്ന ശീർഷകത്തിൽ പിരിവ് തുകകൾ പോസ്റ്റ് ചെയ്യാൻ

അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ഏകജാലകത്തിലാക്കുന്നതിനായി വിന്യസിക്കപ്പെട്ട ILGMS സോഫ്റ്റ് വെയറിൽ മാനുവൽ രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ അതത് ദിവസം ഔട്ട്ഡോർ കളക്ഷൻ സ്റ്റാഫിന്റെ പേരിൽ രേഖപ്പെടുത്തുകയും ശേഷം ഡീറ്റെയിൽഡ് രസീതായി അതേ ദിവസം തന്നെ വരവിനത്തിന്റെ ഡിമാന്റിനെതിരെ പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുമ്പോൾ ഔട്ട്ഡോർ കളക്ഷൻ സ്റ്റാഫിന്റെ പേരിൽ ആദ്യം രേഖപ്പെടുത്തിയ രസീത് ക്യാൻസൽ ആകുകയും ആയത് അതത് ഇനങ്ങളിലേക്ക് പോസ്റ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു (ഉദാ. കളക്ഷൻ സ്റ്റാഫിന്റെ പേരിൽ ഫ്രണ്ട് ഓഫീസിൽ വസ്തുനികുതി എന്ന ശീർഷകത്തിൽ പിരിക്കുന്ന തുകയുടെ രസീതുകൾ എല്ലാം അതത് കെട്ടിട നമ്പരിലേക്ക് പോസ്റ്റ് ചെയ്യുമ്പോൾ 'ഔട്ട് ഡോർ കളക്ഷൻ' എന്ന ഹെഡിൽ വരവിലെടുത്ത രസീത് ക്യാൻസൽ ചെയ്ത് പോകുന്നു). എന്നാൽ കരുണാപുരം പഞ്ചായത്തിൽ 05.04.2022 മുതൽ 26.08.2022 വരെയുള്ള ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ ₹47,512/- പോസ്റ്റ് ചെയ്യാൻ അവശേഷിച്ചിരുന്നു. പ്രസ്തുത വിഷയം ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഏതാനും തുകകൾ പോസ്റ്റ് ചെയ്തെങ്കിലും നിലവിൽ ₹42,452/- പോസ്റ്റ് ചെയ്യാതെ ടി അക്കൗണ്ടിൽ അവശേഷിക്കുകയാണ്. ഔട്ട് ഡോർ കളക്ഷൻ എന്ന പേരിൽ രേഖപ്പെടുത്തുന്ന മുഴുവൻ തുകയും അതത് ശീർഷകങ്ങളിൽ പോസ്റ്റ് ചെയ്താൽ മാത്രമാണ് ILGMS-ലെ അക്കൗണ്ടിംഗ് ക്രമീകരണം പൂർത്തിയാവുന്നത്. അക്കൗണ്ടിംഗ് പാതിവഴിയിൽ അവസാനിപ്പിക്കുന്നത് അതത് സോഫ്റ്റ്‌വെയറുകളിൽ ക്രോഡീകരിക്കുന്ന വരവിനങ്ങളുടെ കണക്കിന്റെ കൃത്യതയ്ക്ക് ഭംഗം വരുത്തുമെന്നതിനാൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ വരവ് തുകകൾ പോസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-11 ഉപയോഗക്രമം പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഉപയോഗക്രമവും ലൈസൻസ് അനുവദിച്ചിരിക്കുന്ന ഉപയോഗക്രമവും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം | കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗക്രമം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|---|
| 1 | 5/654 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, | റിസോർട്ട് | അനു മോഹനൻ | 97 ച. മീ |

| | | | | | |
|---|---|---|---|---|---|
| | | സിനിമ തീയേറ്റർ | | | |
| 2 | 5/655 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ | റിസോർട്ട് | അന മോഹനൻ | 18 ച. മീ |
| 3 | 5/656 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ | റിസോർട്ട് | അന മോഹനൻ | 82 ച. മീ |
| 4 | 5/657 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ | റിസോർട്ട് | അന മോഹനൻ | 90 ച. മീ |
| 5 | 5/658 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ | റിസോർട്ട് | അന മോഹനൻ | 51 ച. മീ |
| 6 | 5/659 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | റിസോർട്ട് | അന മോഹനൻ | 17 ച. മീ |
| 7 | 5/660 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ | റിസോർട്ട് | അന മോഹനൻ | 56.5 ച. മീ |
| 8 | 6/600 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, | ഹോംസ്റ്റേ | ശ്യാമള | 74.26 ച.മീ |

| | | | | | |
|---|---|---|---|---|---|
| | | കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ | | | |
| 9 | 5/644 | പാർപ്പിടങ്ങൾ/ വീട് | റിസോർട്ട് | രാജു & പ്രീത | 58 ച. മീ |
| 10 | 17/161 | പാർപ്പിടങ്ങൾ/ വീട് | ആയുർവ്വേദ ക്ലിനിക്ക് | ലേഖാ സോമൻ | 53 ച. മീ |
| 11 | 4/598 | പാർപ്പിടങ്ങൾ/ വീട് | ഹോംസ്റ്റേ | രാജേശ്വരിയമ്മ | 97.85 ച. മീ |

സഞ്ചയ വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയർ അനുസരിച്ച് അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ എന്ന ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ക്രമ നമ്പർ ഒന്ന് മുതൽ ഏഴ് വരെയുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് ₹25/-യാണ്. എന്നാൽ റിസോർട്ടായി പ്രവർത്തിക്കുന്നതിനാണ് പ്രസ്തുത കെട്ടിടങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. റിസോർട്ടുകൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് ₹90/-യായതിനാൽ ലഭിക്കേണ്ട നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് വിവരം അറിയിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കുള്ള ലൈസൻസിന് ലഭിക്കുന്ന അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ച് നികുതി നിർണയം ചട്ടപ്രകാരമുള്ളത് തന്നെയെന്ന് ഉറപ്പാക്കാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-12 ഒരേ കെട്ടിടത്തിലെ മുറികളെ/സമീപ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിലുൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി

ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഒരേ കെട്ടിടത്തിലെ മുറികളെ/സമീപസ്ഥ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിലേതെന്ന് പരിഗണിച്ച് നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വാർഡ് 1-ലെ മാത്രം വിവരങ്ങൾ പരിശോധിച്ചതിലെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | വിസ്തീർണം | ഉപയോഗ ക്രമം | മേഖല |
|---|---|---|---|---|---|
| 1 | 6 | ഇസ്മായിൽ കുട്ടി | 70 ച മീ. | പാർപ്പിടാവശ്യം | ദ്വിതീയം |
| 2 | 7 | ഇസ്മായിൽ കുട്ടി | 3.2 ച മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| 3 | 8 | ഇസ്മായിൽ കുട്ടി | 1.2 ച മീ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | തൃതീയം |
| 4 | 9 | ഇസ്മായിൽ കുട്ടി | 1.2 ച മീ. | ഇതര ആവശ്യം | തൃതീയം |
| 5 | 10 | ഇസ്മായിൽ കുട്ടി | 12 ച മീ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | തൃതീയം |
| 6 | 11 | ഇസ്മായിൽ കുട്ടി | 3.2 ച മീ. | ഇതര ആവശ്യം | ദ്വിതീയം |
| 7 | 12 | ഇസ്മായിൽ കുട്ടി | 4.2 ച മീ. | ഇതര ആവശ്യം | പ്രഥമം |
| 8 | 13 | എൻ.എസ്.എസ് വക കെട്ടിടം | 13.3 ച മീ. | ഇതര ആവശ്യം | ദ്വിതീയം |
| 9 | 14 | എൻ.എസ്.എസ് വക കെട്ടിടം | 13.3 ച മീ. | ഇതര ആവശ്യം | തൃതീയം |
| 10 | 15 | എൻ.എസ്.എസ് വക കെട്ടിടം | 13.3 ച മീ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | തൃതീയം |
| 11 | 16 | എൻ.എസ്.എസ് വക കെട്ടിടം | 18 ച മീ. | ഇതര ആവശ്യം | പ്രഥമം |
| 12 | 17 | എൻ.എസ്.എസ് വക കെട്ടിടം | 18 ച മീ. | ഇതര ആവശ്യം | പ്രഥമം |
| 13 | 18 | എൻ.എസ്.എസ് വക കെട്ടിടം | 18 ച മീ. | ഇതര ആവശ്യം | പ്രഥമം |

തെറ്റായ മേഖല അടിസ്ഥാനപ്പെടുത്തി നികുതി നിർണയിച്ചതിന് വിശദീകരണം നൽകേണ്ടതും പട്ടികയിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണയം പുനഃപരിശോധിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ടി അപാകത മൂലം വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുള്ള ബാക്കിയുള്ള വാർഡുകളിലേയും വിവരങ്ങൾ കണ്ടെത്തി പരിഹരിച്ച് കൃത്യമായ നികുതി ഈടാക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയം,പിരിവ് നടപടിക്രമങ്ങളിലെ അപാകതകൾ

### എ) മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമാണ) ചട്ടങ്ങളിലെ, ചട്ടം 34 അനുസരിച്ച്, ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുന്ന/സന്ദർശിക്കേണ്ട (താമസം, ജോലി, വിദ്യാലയം, കച്ചവടം, വ്യവസായം മുതലായവ) മനുഷ്യ സാന്നിധ്യം ഉണ്ടാകാനിടയുള്ള നിർമ്മാണങ്ങളെയാണ് ഏതെങ്കിലും ഒക്യുപൻസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊബൈൽ ടവർ അടക്കമുള്ള മറ്റ് കെട്ടിടങ്ങളെ

Appurtenant Buildings/Operational Constructions/auxiliary Buildings എന്നാണ് കണക്കാക്കിയിരിക്കുന്നത്. ആകയാൽ അവയ്ക്ക് മറ്റ് കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വസ്തു നികുതിയിൽ ഇളവ് അനുവദിക്കാൻ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ വ്യവസ്ഥകളില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് മേഖല, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട.നം | ഉടമ | ഇളവിന്റെ മാനദണ്ഡം (ശതമാനത്തിൽ ) | | | | ടവറിന്റെയും അനുലഗ്ന ഭൂമിയുടെയും വിസ്തീർണം |
|---|---|---|---|---|---|---|---|
| | | | മേഖല | മേല്ക്കൂര | കാലപ്പഴക്കം | ആകെ | |
| 1 | 1/231 | റിലയൻസ് | | | 10 | 10 | 32 ച. മീ |
| 2 | 1/233 | ഇൻഡസ് | | | 10 | 10 | 62 ച. മീ |
| 3 | 2/221 | ടവർ വിഷൻ | 10 | | | 10 | 12 ച. മീ |
| 4 | 2/222 | ഐഡിയ | 10 | | | 10 | 12 ച. മീ |
| 5 | 5/108 | ടവർ വിഷൻ | 10 | | | 10 | 20 ച. മീ |
| 6 | 5/109 | ഇൻഡസ് | 10 | | | 10 | 20 ച. മീ |
| 7 | 7/388 | ഐഡിയ | 10 | | 10 | 20 | 10 ച. മീ |
| 8 | 8/257 | എയർടെൽ | | | 10 | 10 | -20 ച. മീ |
| 9 | 9/199 | റിലയൻസ് | 10 | | | 10 | 48 ച. മീ |
| 10 | 9/425 | ബി.എസ്.എൻ.എൽ | 10 | | | 10 | 10 ച. മീ |
| 11 | 9/693 | ഇൻഡസ് | 20 | | | 20 | 19.4 ച. മീ |
| 12 | 11/196 | ഐഡിയ | 10 | | 10 | 20 | 10 ച. മീ |
| 13 | 16/699 | ഇൻഡസ് | 10 | | 10 | 20 | 17.15 ച. മീ |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.01.2011-ലെ ജി.ഒ(പി)14/2011 നമ്പർ ഉത്തരവനുസരിച്ച് മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്തിൽ ചതുരശ്ര മീറ്ററിന് ₹500/-യാണ് അടിസ്ഥാന വസ്തു നികുതിയായി നിശ്ചയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിലും പ്രസ്തുത നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. അനർഹമായ ഇളവ് നൽകിയത് മൂലം ഗണ്യമായ തുക വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. നികുതി പുനർ നിർണയിച്ച് വരുമാന നഷ്ടം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ബി) മൊബൈൽ ടവർ - വസ്തു നികുതി കുടിശ്ശിക നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ ഗണ്യമായ തുക കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമ | കാലയളവ് | തുക ₹ | ആകെ ₹ |
|---|---|---|---|---|---|
| 1 | 1/231 | റിലയൻസ് | 2021-2022 (രണ്ടാം അർദ്ധ വാർഷികം) | 9240- X 1 | 9240 |
| 2 | 9/199 | റിലയൻസ് | 2021-2022 | 2362x 2 | 4724 |
| 3 | 9/425 | ബി.എസ്.എൻ.എൽ | 2013-14 -2021-22 | 2887.5 X 18 | 51975 |
| | | | | ആകെ | 65939 |

കുടിശ്ശിക കാലികമായി പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-14 മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/17-ലെ ജി.ഒ.(പി)80/2017(എസ്.ആർ.ഒ. നം. 674/2017) നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10-ന് കീഴിലുള്ള പട്ടിക 2-ൽ വിവിധ വ്യാപാരങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | സ്ഥാപനത്തിന്റെ പേര് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രത്തിൽ പരാമർശിക്കുന്ന മൂലധന നിക്ഷേപം | ഈടാക്കിയ തുക ₹ | ഈടാക്കാമായിരുന്ന പരമാവധി തുക ₹ |
|---|---|---|---|---|---|
| 1 | ബി2/-2049/ (7)/2021-22 | ലിമോൺ ദി മൗണ്ട് റിസോർട്ട് | 75 ലക്ഷം | 3000 | 5000 |
| 2 | ബി2/-3656/ (197)/2021-22 | ട്രാൻക്വിൽ ഗ്രീൻസ് റിസോർട്ട് | 2.35 കോടി | 1000 | 10000 |

മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി മേൽ നിയമത്തിൽ പറഞ്ഞിരിക്കും പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ നികുതി കൃത്യമായി ഈടാക്കാനാകുന്നില്ല. ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-15 റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (2017-ൽ ഭേദഗതി വരുത്തിയത്) 3-ാം ചട്ടത്തിന് കീഴിലുള്ള പട്ടിക ഒന്നിൽ വരുന്ന ഇനമാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ (സി. എസ്.)എ9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുമില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ച് നൽകുകയോ, അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും നികുതി ചുമത്തുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ഇ-ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് തൻവർഷം ഇ-ടെൻഡർ നടപടികളിലൂടെ നടപ്പാക്കിയ പ്രോജക്ടുകളുടെ ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|
| 52 | 91648 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-17 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഒരേ വ്യക്തികൾക്ക് ഒന്നിലധികം പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം നൽകി - ₹37,315/- നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് നം., പേര് :- എസ്. 025/2022 (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി)

ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന വ്യക്തികൾക്ക് ₹3/- ഗ്രാമപഞ്ചായത്ത് വിഹിതവും ₹1/- ക്ഷീര

വികസന വകുപ്പ് വിഹിതവും ഉൾപ്പടെ ഒരു ലിറ്ററിന് ₹4/- നിരക്കിൽ സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതാണ് പ്രോജക്ട് പ്രവർത്തനം. ക്ഷീര വികസന വകുപ്പ് വിഹിതം ലഭ്യമല്ലാതിരുന്നതിനാൽ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്.

തൻവർഷം പ്രോജക്ടിനായി ₹10,00,000/- വകയിരുത്തുകയും വിവിധ ബില്ലുകൾ പ്രകാരം ₹7,67,380/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കരുണാപുരം ഗ്രാമപഞ്ചായത്തിൽ നിന്നും ഈയിനത്തിൽ സബ്സിഡി അനുവദിക്കപ്പെട്ട ചില വ്യക്തികൾക്ക് (ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല) മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ പ്രോജക്ടിലൂടെയും സബ്സിഡി ആനുകൂല്യം നൽകിയതായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്ന് (സാംഖ്യ വെബ് റിപ്പോർട്ടിലെ “Beneficiary Payment Details”) വ്യക്തമാകുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ ബാങ്ക് അക്കൗണ്ട് നം. | അനുവദിച്ച തുക ₹ | ബിൽ നം./ തീയതി | ആനുകൂല്യം നൽകിയ മറ്റ് പഞ്ചായത്തുകൾ | ആകെ അനുവദിച്ച തുക ₹ |
|---|---|---|---|---|---|
| 1 | ഏലിയാമ്മ തോമസ് 67022914138 | 6727 | 220395/ തീ.28.02.2022 | നെടുകണ്ടം ബ്ലോക്ക്, ഇടുക്കി ബ്ലോക്ക്, നെടുംകണ്ടം, കഞ്ഞിക്കുഴി, സേനാപതി, രാജാക്കാട്, രാജകുമാരി, മരിയാപുരം, ഉടുമ്പൻചോല, വാത്തിക്കുടി, പാമ്പാടുംപാറ | 191613 |
| 2 | രാജേഷ് കുട്ടപ്പൻ 10180100267119 | 4942 | 220397/ തീ.28.02.2022 | ഇടുക്കി ബ്ലോക്ക്, കഞ്ഞിക്കുഴി, നെടുംകണ്ടം, മരിയാപുരം, പാമ്പാടുംപാറ, രാജകുമാരി, സേനാപതി, വാത്തിക്കുടി | 81372 |
| 3 | ജെയ്മോൻ ജോസഫ് 10180100270394 | 3570 | 220396/ തീ. 18.12.2022 | ഇടുക്കി ബ്ലോക്ക്, നെടുംകണ്ടം, കഞ്ഞിക്കുഴി, സേനാപതി, രാജാക്കാട്, രാജകുമാരി, മരിയാപുരം, വാത്തിക്കുടി, പാമ്പാടുംപാറ | 80795 |
| 4 | അന്ന ജെയ്മോൻ 40672101055122 | 5673 | 220392/ തീ.28.02.2022 | നെടുകണ്ടം ബ്ലോക്ക്, ഇടുക്കി ബ്ലോക്ക്, നെടുംകണ്ടം, കഞ്ഞിക്കുഴി, സേനാപതി, രാജാക്കാട്, രാജകുമാരി, | 153819 |

| | | | | | |
|---|---|---|---|---|---|
| | | | | മരിയാപുരം, ഉടുമ്പൻചോല, വാത്തിക്കുടി, പാമ്പാടുംപാറ | |
| 5 | ജോസഫ് ചാക്കോ 455102010012056 | 3560 | 220395/ തീ.28.02.2022 | ഇടുക്കി ബ്ലോക്ക്, കഞ്ഞിക്കുഴി, നെടുംകണ്ടം, പാമ്പാടുംപാറ | 20529 |
| 6 | സുബിൻ ജോസഫ് 0678053000000539 | 6403 | 220392/ തീ. 28.02.2022 | ഇടുക്കി ബ്ലോക്ക്, നെടുംകണ്ടം, കഞ്ഞിക്കുഴി, സേനാപതി, രാജാക്കാട്, രാജകുമാരി, മരിയാപുരം, വാത്തിക്കുടി, പാമ്പാടുംപാറ | 139691 |
| 7 | സുജാത മുരളീധരൻ 0678053000002560 | 6440 | 220397/ തീ.28.02.2022 | നെടുകണ്ടം ബ്ലോക്ക്, ഇടുക്കി ബ്ലോക്ക്, നെടുംകണ്ടം, കഞ്ഞിക്കുഴി, സേനാപതി, രാജാക്കാട്, രാജകുമാരി, മരിയാപുരം, ഉടുമ്പൻചോല, വാത്തിക്കുടി, പാമ്പാടുംപാറ | 202839 |
| ആകെ | | 37315 | | | 870658 |

ഓരോ ഗ്രാമപഞ്ചായത്തിലും വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾക്കായി വകയിരുത്തുന്ന തുകകളുടെ ആനുകൂല്യത്തിനുള്ള അർഹത അതത് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് മാത്രമാണ്. ഇത്തരം പ്രോജക്ടുകൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തലത്തിൽ മാത്രം ക്രോഡീകരിക്കപ്പെടുന്നതിനാൽ ഒരേ വ്യക്തികൾക്ക് വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഒരേ ഇനത്തിന് സബ്സിഡി നൽകിയത് ശരിയായ നടപടിയല്ല. അതിനാൽ കരുണാപുരം ഗ്രാമപഞ്ചായത്തിൽ നിന്നും പാലിന് സബ്സിഡി അനുവദിച്ചിരിക്കുന്ന മേൽ ചേർത്തിരിക്കുന്ന വ്യക്തികൾക്ക് നൽകിയിരിക്കുന്ന തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ₹37,315/-യുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

### 1-17-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഫയൽ സൂക്ഷിപ്പിലെ പൊതു അപാകതകൾ

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന "പാലിന് സബ്സിഡി" എന്ന പ്രോജക്ടിൽ ക്ഷീര സംഘത്തിൽ പാൽ നൽകുന്ന ക്ഷീര കർഷകർക്ക് ഗ്രാമപഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി സബ്സിഡി അനുവദിച്ച് വരുന്നു. ഇപ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി ₹7,67,380/-യും ജില്ലാപഞ്ചായത്ത് വിഹിതമായി ₹15,00,000/-യും ഉൾപ്പെടെ ആകെ ₹22,67,380/- പ്രസ്തുത പ്രോജക്ടിനായി (നം. എസ്.25/2022) ചെലവഴിച്ചിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെയുള്ള പാൽ അളന്നതിന് നൽകിയ

സബ്സിഡി തുകയുടെ ബിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന തുകയുടെ ആധികാരികത ഉറപ്പ് വരുത്തുന്ന സംക്ഷിപ്തം (പാലിന്റെ അളവ്, ഏതൊക്കെ മാസത്തേക്കുള്ള തുക, അർഹമായ സബ്സിഡി തുക എന്നിവ അടങ്ങുന്നത്) ബില്ലിലെ ക്രമ നമ്പർ പ്രകാരമല്ല തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നത്. ആയതിനാൽ ബിൽ, സംക്ഷിപ്തം എന്നിവയുടെ പൊരുത്തപ്പെടുത്തൽ സാധ്യമാകുന്നില്ല.

2. ഒന്നിലധികം തവണ, ഒരാളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻഫർ ചെയ്യുന്നുണ്ടെങ്കിലും ആയതിനുള്ള കാരണം എഴുതി സൂക്ഷിക്കുന്നില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

എ) <u>ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ച ബിൽപ്രകാരം</u>

ഗ്രാമപഞ്ചായത്ത് വിഹിതമായി 608 വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് ഒരു തവണയായാണ് തുക കൈമാറിയിട്ടുള്ളതെങ്കിലും അതിലെ 2 പേർക്ക് മാത്രം വ്യത്യസ്ത ബില്ലുകൾ വഴി രണ്ട് തവണ തുക കൈമാറിയിട്ടുണ്ട്.

| പേര് | അക്കൗണ്ട് നമ്പർ | തുക ₹ | ബിൽ നമ്പർ |
|---|---|---|---|
| തോമസ് | 30771883234 | 26 | 902190/06.01.2022 |
| തോമസ് | 30771883234 | 949 | 902205/06.01.2022 |
| ഷാജി ജേക്കബ് | 32802198402 | 1225 | 902173/06.01.2022 |
| ഷാജി ജേക്കബ് | 32802198402 | 1294 | 902190/06.01.2022 |

ബി) <u>ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ച ബിൽപ്രകാരം</u>

ജില്ലാ പഞ്ചായത്ത് വിഹിതം ഓരോ വ്യക്തികൾക്കും (592 പേർ) രണ്ട് തവണയായാണ് വിതരണം നടത്തിയിരിക്കുന്നതെങ്കിലും താഴെ പരാമർശിക്കുന്ന വ്യക്തികൾക്ക് രണ്ട് തവണയിൽ കൂടുതൽ തുക കൈമാറ്റം ചെയ്തിട്ടുണ്ട്.

| പേര് | അക്കൗണ്ട് നമ്പർ | തുക ₹ | ബിൽ നമ്പർ |
|---|---|---|---|
| തോമസ് | 30771883234 | 33 | 902246/04.01.2022 |
| തോമസ് | 30771883234 | 1196 | 902272/04.01.2022 |
| തോമസ് | 30771883234 | 702 | 220396/28.02.2022 |

| | | | |
|---|---|---|---|
| തോമസ് | 30771883234 | 20 | 220395/28.02.2022 |
| മുരളീധരൻ | 32596612654 | 3115 | 902272/04.01.2022 |
| മുരളീധരൻ | 32596612654 | 392 | 220394/28.02.2022 |
| മുരളീധരൻ | 32596612654 | 1830 | 220396/28.02.2022 |

മേൽ പദ്ധതി വഴി തുക കൈമാറുമ്പോൾ ബിൽ ക്രമത്തിൽ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നതിനും ഒന്നിലധികം തവണ തുക കൈമാറുമ്പോൾ ആയതിന്റെ കാരണം വ്യക്തമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിൽ രേഖകളും വിശദീകരണങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് (റിക്വിസിഷൻ തീയതി. 01.12.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-18 അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം ചെയ്യുന്ന സേവന സോഫ്റ്റ് വെയറിലെ വിവരങ്ങൾ 2021 ജനുവരി മുതൽ 2021 ഡിസംബർ വരെയുള്ള പഞ്ചായത്തിലെ സിവിൽ രജിസ്ട്രേഷൻ രേഖകൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്യുതായി കാണുന്നു.

1. പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | പേരും വിലാസവും | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|
| 1 | ഓമന | 14-03-2021 | 3/2021 – 8/2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം (മരണം വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്) | ആക്ടീവ് | കരുണാപുരം ഗ്രാമപഞ്ചായത്ത് | 28700 |
| 2 | തങ്കമ്മ അച്യുതൻ | 09-01-2021 | 1/2021 – 5/2021 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | കരുണാപുരം ഗ്രാമപഞ്ചായത്ത് | 3000 |
| 3 | കമലാക്ഷിയമ്മ | 03-01-2021 | 1/2021 – | കർഷക | സസ്പെൻഡ് | കരുണാപുരം | 6100 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 4/2021 | തൊഴിലാളി പെൻഷൻ | | ഗ്രാമപഞ്ചായത്ത് | |
| 4 | സദാശിവൻ | 16-12-2020 | 12/2020 – 5/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | കരുണാപുരം ഗ്രാമപഞ്ചായത്ത് | 9200 |
| 5 | സദാശിവൻ | 24-12-2020 | 12/2020 – 5/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | കരുണാപുരം ഗ്രാമപഞ്ചായത്ത് | 9200 |
| 6 | പൊന്നമ്മ | 14-01-2021 | 1/2021 – 5/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | കരുണാപുരം ഗ്രാമപഞ്ചായത്ത് | 7700 |
| 7 | ലക്ഷ്മിക്കുട്ടിയമ്മ | 05-02-2021 | 1/2021 – 5/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | കരുണാപുരം ഗ്രാമപഞ്ചായത്ത് | 7700 |
| 8 | മുഹമ്മദ് ബഷീർ | 26-01-2021 | 1/2021 – 5/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | കരുണാപുരം ഗ്രാമപഞ്ചായത്ത് | 7700 |
| 9 | ദാമോദരൻ | 22-01-2021 | 1/2021 – 5/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | കരുണാപുരം ഗ്രാമപഞ്ചായത്ത് | 7700 |
| 10 | കുര്യൻ മത്തായി | 03-06-2021 | 6/2021 – 8/2021 | കർഷക പെൻഷൻ | സസ്പെൻഡ് | കൃഷി ഭവൻ കരുണാപുരം | 4800 |
| 11 | ഏലിക്കുട്ടി ജോസഫ് | 01-07-2021 | 07/2021 - 9/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 4800 |
| 12 | കാർത്ത്യായനി | 24-06-2021 | 6/2021 -9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 25600 |
| 13 | കുട്ടപ്പൻ | 13-06-2021 | 6/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 25600 |
| 14 | ഏലിക്കുട്ടി ചാക്കോ | 23-06-2021 | 6/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 25600 |
| 15 | പാത്തുമ്മ ബീവി | 23-06-2022 | 6/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 25600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | പെൻഷൻ | | | |
| 16 | കാർത്യായനി | 02-07-2022 | 7/2021 - 9-2022 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 24000 |
| 19 | അപ്പുക്കുട്ടൻ പിള്ള | 21-10-2022 | 10/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 19200 |
| 20 | പുഷ്പരാജൻ | 19-10-2022 | 10/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 19200 |
| 21 | എഷാബീവി | 20-11-2021 | 11/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 17600 |
| 22 | തങ്കമ്മ നടേശൻ | 10-05-2018 | 5/2018 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടഞ്ഞ് വച്ചിരിക്കുന്നു |
| 23 | നാരായണി | 19-11-2021 | 10/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 19200 |
| 24 | ശാന്തമ്മ | 02-11-2021 | 11/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 17600 |
| 25 | തങ്കമ്മ | 16-12-2021 | 12/2021 – 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ 1056pxപെൻഷൻ സ്കീം | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 16000 |

കുറിപ്പ് - ക്രമ നം 21 പ്രകാരമുള്ള പെൻഷണർ പെൻഷൻ ഐ.ഡി. Xxx1126 പ്രകാരം 2015 ഫെബ്രുവരി മുതൽ 2019 ജൂലൈ വരെയും പെൻഷൻ ഐ.ഡി. Xxx0895 പ്രകാരം 2015 ഏപ്രിൽ മുതൽ 2019 ജൂലൈ വരെയും ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി പ്രകാരം ഒരേ തരം പെൻഷൻ വാങ്ങിയിട്ടുണ്ട്. ഈ പെൻഷനിൽ നിന്നും അധികമായി കൈപ്പറ്റിയ ഒരു പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്.

2. പെൻഷൻ അനുവദിച്ചെങ്കിലും അക്കൗണ്ട് മരവിപ്പിച്ചതിനാൽ നിക്ഷേപിക്കുവാൻ സാധിക്കാത്തവയുടെ വിവരങ്ങൾ

| ക്രമ നം. | പേരും വിലാസവും | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത | പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | തീയതി | | | | | |
| 1 | ജോസഫ് മത്തായി | 24-12-2020 | 12/2020 - 6/2022 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) (മരണം വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്) | സസ്പെൻഡ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 4800 |
| 2 | ഏലിക്കുട്ടി ജോസഫ് | 1-7-2021 | 10/2021 - 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 19200 |
| 3 | ഭവാനി നാരായണൻ | 23-6-2021 | 6/2021 - 9/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 9600 |

3. പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ തുക കൈമാറുവാൻ സാധിക്കാത്തതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | പേരും വിലാസവും | മരണപ്പെട്ട തീയതി/മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ ഇനം | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|
| 1 | ആന്റണി തോമസ് | 27-12-2020 | 12/2020 – 5/2021 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 8100 |
| 2 | തങ്കമ്മ മാത്യു | 16-01-2021 | 1/2021 – 5/2021 | സസ്പെൻഡ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 7700 |
| | ചെല്ലമ്മ | 29-05-2021 | 5/2021 – 4/2022 | സസ്പെൻഡ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 19200 |
| | തങ്കമ്മ | 21-06-2021 | 6/2021 – 4/2022 | സസ്പെൻഡ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 17600 |

4. പെൻഷൻ വിതരണ വിവരം ലഭ്യമല്ലാത്തത്

| ക്രമ നം. | പേരും വിലാസവും | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | തങ്കമ്മ അച്യുതൻ | 09-01-2021 | ആക്ടീവ് | Amshadayam Pension – KERALA DAIRY FARMERS WELFARE FUND BOARD |
| 2 | പുഷ്പനാഥൻ | 26-12-2020 | ആക്ടീവ് | Kerala Headload Workers Welfare Fund Board |
| 3 | ഭവാനി നാരായണൻ | 23-06-2021 | ആക്ടീവ് | KERALA DAIRY FARMERS WELFARE FUND BOARD |
| 4 | ശ്രീധരൻ എം. എൻ. | 09-07-2021 | വെരിഫിക്കേഷന് സമർപ്പിച്ചിരിക്കുന്നു | KERALA DAIRY FARMERS WELFARE FUND BOARD |

ഗ്രാമപഞ്ചായത്തിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. 2021-22-ൽ മരണപ്പെട്ട എല്ലാവരുടെയും വിവരങ്ങൾ പരിശോധിച്ചിട്ടില്ല. മുകളിൽ പരാമർശിച്ചിരിക്കുന്ന പട്ടിക പെൻഷണർമാർ കരുണാപുരം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരും ഈ പഞ്ചായത്തിൽ നിന്നു തന്നെ പെൻഷൻ വാങ്ങുന്നവരുമാണ്. കരുണാപുരം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെ പോലും പെൻഷൻ റദ്ദ് ചെയ്തിട്ടില്ലാത്ത വസ്തുത അംഗീകരിക്കാവുന്നതല്ല. കൂടാതെ ഈ ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ ലഭിക്കുന്നവരിൽ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ പേരിലും പെൻഷൻ നൽകുന്നതിനുള്ള സാധ്യതയുണ്ട്.

പല ഗുണഭോക്താക്കളുടെയും മരണം രജിസ്റ്റർ ചെയ്തു കഴിഞ്ഞതിന് ശേഷവും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് മാസങ്ങൾക്ക് ശേഷമാണ്. പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തവ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തതിനാൽ മറ്റ് തദ്ദേശസ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്ന് പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്.

03.09.2020ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്ന പക്ഷം അനർഹമായി തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ക്ഷേമ പെൻഷനുകൾ അനർഹർക്ക് നൽകുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/16.11.2022) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ

അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഈടാക്കുമെന്നും മരണം രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ തന്നെ ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കുന്നതാണെന്നും പെൻഷൻ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സഹകരണ ബാങ്കുകളിൽ നിന്നും രേഖാമൂലം റിപ്പോർട്ട് വാങ്ങുന്നതാണെന്നും പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ പെൻഷൻ തുക ബാങ്കിൽ നിന്നോ നേരിട്ടോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന തി.17.08.2017ൽ നിർദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപം ഇനത്തിൽ ₹9,500/- (B-7, 340200107-Election Deposit(Candidate) നിക്ഷേപ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ മുൻ തെരഞ്ഞെടുപ്പിലും 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിലും വിജയം/പ്രസ്തുത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. മുന്നിരിപ്പായി സൂചിപ്പിട്ടുള്ള നിക്ഷേപ തുക ഇതിനോടകം കാലഹരണപ്പെട്ടതാണ്. ടി തുകയും വരണാധികാരിയിൽ നിന്ന് ലഭിച്ച 2020-ലെ തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത വർഷത്തെ നിക്ഷേപവും പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ - ₹3,01,183/-യുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെപറയുന്ന പദ്ധതികളിൽ ₹3,01,183/-ന്റെ മരുന്നുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | പദ്ധതി | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ (തുക) ₹ |
|---|---|---|
| 1. | കുഴിത്തൊളു ആശുപത്രിക്ക് മരുന്നുവാങ്ങൽ (20/22) | 213441 |
| 2. | പാലിയേറ്റീവ് കെയർ (21/22) | 40777 |
| 3. | പി.എച്ച്.സി.-ക്ക് മരുന്നുവാങ്ങൾ (197/22) | 46965 |

| | | |
|---|---|---|
| | ആകെ | 301183 |

പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് ഹോംകോ-യ്ക്ക് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം., പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എസ്.019/22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഹോംകോ ആലപ്പുഴ | 150000 | NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 22.01.2022-ൽ ട്രാൻസ്ഫർ ചെയ്തു | 00 | 150000 |
| ആകെ | | | | | 150000 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ഉളുക്കപാലം ആധുനിക പബ്ലിക് മാർക്കറ്റ് സമുച്ചയ നിർമ്മാണത്തിലെ അപാകതകൾ

എ) ജില്ലാ പഞ്ചായത്ത് വിഹിതം 50 ലക്ഷം പാഴാക്കി - മാർക്കറ്റ് സമുച്ചയ നിർമ്മാണം പാതി വഴിയിൽ നിലച്ചു

പ്രോജക്ട് നം.എസ് 018/2020, എസ്. 112/2021, എസ്. 086/2022

ഗ്രാമപഞ്ചായത്തിലെ പ്രധാന പട്ടണമായ ഉളുക്കപാലത്ത് 04 നിലകളിലായി ആധുനിക രീതിയിൽ ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. ആകെ 8.4 കോടി അടങ്കൽ നിശ്ചയിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം 90 ലക്ഷം രൂപ (ഗ്രാമപഞ്ചായത്ത് വിഹിതം ₹50,00,000 + ജില്ലാ പഞ്ചായത്ത് വിഹിതം ₹40,00,000 = ₹90,00,000/-) വകയിരുത്തി ബേസ്മെന്റ് നില മാത്രം പ്രാഥമികമായി നിർമ്മിക്കുവാനാണ് നിശ്ചയിച്ചത്. അക്രെഡിറ്റഡ് ഏജൻസിയായ സിഡ്കോയ്ക്കായിരുന്നു നിർമ്മാണത്തിന്റെ ചുമതല. ഇതിനായി 10.03.2020-ൽ സിഡ്കോ നിർമ്മാണ വിഭാഗം തലവനുമായി ധാരണാപത്രം ഒപ്പിട്ടു. എന്നാൽ ഏജൻസി ടെൻഡർ നടപടി പൂർത്തീകരിച്ച് കരാറുകാരന് സൈറ്റ് കൈമാറുന്നതിൽ 06 മാസത്തോളം കാലതാമസം നേരിട്ടു. തത്ഫലമായി 18.09.2020-ൽ മാത്രമാണ് നിർമ്മാണത്തിന് സൈറ്റ് കൈമാറിയത്. സിഡ്കോയുടെ അംഗീകൃത കരാറുകാരനായ ശ്രീ. പി ശ്രീനുവിനാണ് നിർമ്മാണ കരാർ ലഭിച്ചത് (കരാർ നം.

KSCDN/62/തീ. 09.09.2020). നിലവിലുണ്ടായിരുന്ന മാർക്കറ്റ് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വ്യാപാരികളെ ഒഴിപ്പിക്കുന്നതിനും കെട്ടിടം വില നിശ്ചയിച്ച് പൊളിച്ച് നീക്കുന്നതിനും കാലതാമസം നേരിട്ടതിനാൽ നിർമ്മാണം വീണ്ടും തടസ്സപ്പെട്ടു. തുടർന്ന് 2020-21 സാമ്പത്തിക വർഷം ഒന്നാം പാർട്ട് ബില്ലായി ₹57,43,099/-യും 2021-22 വർഷം രണ്ടാം പാർട്ട് ബില്ലായി ₹31,25,613/-യും ഉൾപ്പടെ ₹88,68,712/- പ്രോജക്ടിനായി വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. ബേസ്മെന്റ് നിലയുടെയും ഒന്നാം നിലയുടെയും സ്ട്രക്ചർ നിർമ്മാണമാണ് ഇതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത്. പ്രോജക്ടിന് വേണ്ടി ജില്ലാപഞ്ചായത്തിൽ നിന്ന് തൻവർഷം വീണ്ടും ലഭിച്ച ₹50,00,000/- 04.02.2022-ൽ സംയോജിത പദ്ധതികൾക്കുള്ള ധന സഹായങ്ങൾ സൂക്ഷിക്കുന്നതിന് നെടുങ്കണ്ടം സബ്ട്രഷറിയിൽ ആരംഭിച്ച 799013100000700 നമ്പർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ അത് വിനിയോഗിക്കുവാൻ പര്യാപ്തമായ രീതിയിൽ ശേഷിച്ച പ്രവൃത്തികൾ പുരോഗമിച്ചിരുന്നില്ല. ധനകാര്യ വകുപ്പിന്റെ 30.09.2021-ലെ 86/2021 നമ്പർ സർക്കുലറിലെ 5-ാമത്തെ വ്യവസ്ഥയനുസരിച്ച് സംയോജിത പദ്ധതികൾക്ക് വേണ്ടി ലഭിച്ച ധനസഹായം സൂക്ഷിക്കുന്നതിന് ആരംഭിച്ച അക്കൗണ്ടിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക സാമ്പത്തിക വർഷാവസാനം സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ഈ വ്യവസ്ഥ മുൻനിർത്തി 30.03.2022-ൽ സബ്ട്രഷറി ഓഫീസർ നീക്കിയിരുപ്പ് തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനുള്ള കണക്ക് ശീർഷകം ലഭ്യമാക്കാൻ ആവശ്യപ്പെടുകയും (കത്ത് നം. എ1-102/2022) തുടർന്ന് 31.03.2022-ൽ തുക സർക്കാരിലേക്ക് ഒടുക്കുകയും ചെയ്തു. യഥാസമയം നടപടി ക്രമങ്ങൾ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നിതിൽ വന്ന കാലതാമസം മൂലം പ്രോജക്ടിന് വേണ്ടി ചെലവഴിക്കേണ്ട ഭീമമായ തുക പാഴായി. ബഹു വർഷ പ്രോജക്ടായി വിഭാവനം ചെയ്ത പദ്ധതിക്ക് വേണ്ടി ലഭിച്ച തുക രണ്ട് മാസങ്ങൾക്കുള്ളിൽ ലാപ്സായതിനാൽ നിർമ്മാണ പ്രവർത്തനം അപ്രതീക്ഷിതമായി നിലച്ച അവസ്ഥയിലാണ്. ബൃഹത്തായ ഒരു ബഹു വർഷ പ്രോജക്ടിന് വേണ്ടി ലഭിച്ച തുക വിനിയോഗിക്കാൻ വേണ്ടത്ര സമയം ലഭിക്കാതെ പാഴായ സാഹചര്യം ഏറെ ദൗർഭാഗ്യകരമാണ്. വിഷയം സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തി തുക തിരികെ അനുവദിച്ചുകിട്ടാൻ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി, ജവഹർ ഭവന പദ്ധതി എന്നീ പ്രോജക്ടുകൾക്കായി സ്വീകരിച്ച വായ്പ ഇനത്തിൽ വൻ തുക ബാധ്യത നിലനിൽക്കെ മാർക്കറ്റ് നിർമ്മാണത്തിന് വലിയ തുക വായ്പയെടുക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ വളരെ ദോഷകരമായി ബാധിക്കുന്നതാണ്. തൂക്കുപാലത്ത് ഏറെ വാണിജ്യ പ്രാധാന്യമുള്ള സ്ഥലമാണ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇത്തരമൊരു വ്യാപാര സമുച്ചയം യാഥാർത്ഥ്യമാകുന്നപക്ഷം തനത് ഫണ്ട് ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുവാനും ജനങ്ങളുടെയും ഗ്രാമപഞ്ചായത്തിന്റെയും സാമ്പത്തികാഭിവൃദ്ധി സാധ്യമാക്കാനും കഴിയുന്നതാണ്.

പൊതുജന പങ്കാളിത്തത്തോടെ ഫണ്ട് സമാഹരണം സാധ്യമാകുന്ന രീതിയിൽ (നിർമ്മാണം പൂർത്തീകരിക്കുന്ന കടമുറികളുടെ ഉപയോഗത്തിന് മത്സരാധിഷ്ഠിതമായി സെക്യൂരിറ്റി തുക ശേഖരിക്കുന്നത് പോലുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച്) പ്രോജക്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) കരാറുകാരന് ചരക്ക് സേവന നികുതി നഷ്ടപരിഹാര തുക അധികം അനുവദിച്ചു

നിർവ്വഹണ ഏജൻസിയായ സിഡ്കോ തയ്യാറാക്കി അംഗീകരിച്ച പുതുക്കിയ എസ്റ്റിമേറ്റിൽ (നം.A2-479/2020) GST പ്രൊവിഷൻ ആയി ഉൾപ്പെടുത്തിയിരുന്നത് 18% ആണ്. എന്നാൽ ധനകാര്യ വകുപ്പിന്റെ 01.03.2019-ലെ 18/2019 നമ്പർ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണത്തിന് ഇക്കാലയളവിൽ ബാധകമായ ചരക്ക് സേവന നികുതി നിരക്ക് 12% ആണ്. ആയതിനാൽ GST നഷ്ട പരിഹാരം കരാറുകാരന് നൽകേണ്ടിയിരുന്നത് 12% നിരക്കിലായിരുന്നു. കരാർ സ്ഥാപനം എസ്റ്റിമേറ്റിൽ പരാമർശിച്ചിരുന്നത് പോലെ 18% നിരക്കിലാണ് പ്രസ്തുത തുക അനുവദിച്ചത്. ആദ്യ പാർട്ട് ബില്ലിനോടൊപ്പം 12% ആണ് അനുവദിച്ചതെങ്കിലും ഫൈനൽ ബില്ലിൽ പ്രസ്തുത വ്യത്യാസം (18-12 = 6%) അനുവദിക്കുകയാണുണ്ടായത്. ഫൈനൽ ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫൈനൽ ബിൽ തുക | ₹2229960 |
| (+) 18 % GST നഷ്ടപരിഹാരത്തുക | ₹401393 |
| (+) ഒന്നാം പാർട്ട് ബില്ലിൽ കുറവായി അനുവദിക്കപ്പെട്ട 6% നഷ്ടപരിഹാര തുക (18% - 12% ) | ₹283750 |
| ആകെ | ₹2915103 |
| (-) 1% ആദായനികുതി (₹2229960/-യുടേത്) | ₹22300 |
| (-) 2% GST (;;) | ₹44600 |
| (-) 1% നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം („) | ₹22300 |
| അറ്റ തുക | ₹2825904 |
| സിഡ്കോയ്ക്കുള്ള സെന്റേജ് ചാർജ് (8%) | ₹210509 |
| ആകെ ബിൽതുക | ₹3125613 |
| ചെക്ക് നം./തീയതി | JM5187452/ തീ.26.03.2022 |

ആകെ GST നഷ്ടപരിഹാരവിഹിതമായി അധികം അനുവദിച്ച തുകയുടെ വിവരങ്ങൾ

| | |
|---|---|
| രണ്ടാം പാർട്ട് ബിൽ പ്രകാരം (6%) | 133798 |
| ഒന്നാം പാർട്ട് ബില്ലിലെ കുടിശ്ശികയായി അനുവദിച്ച തുക | 283750 |
| ഒട്ടാകെ | 417548/- |

പ്രസ്തുത തുക കരാറുകാരൻ GST ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കിയിട്ടുള്ള പക്ഷം അതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. തുക നികുതിയായി ഒടുക്കിയിട്ടില്ലാത്ത പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട

കരാറുകാരനിൽ നിന്നോ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. തുകയുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ അന്തിമ ബിൽ തുകയായ ₹31,25,613/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.5/തീ. 18.11.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-23 അധിക നിരക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും യഥാർത്ഥത്തിൽ നിർവ്വഹിക്കാത്ത ഇനം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്ടുകൾ നടപ്പാക്കി

വിവിധ മരാമത്ത് പ്രവൃത്തികളുടെ സ്ഥല പരിശോധന നടത്തിയതിൽ, ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ യഥാർത്ഥത്തിലുള്ള ഇനങ്ങൾ എം ബുക്കിലെ രേഖപ്പെടുത്തിയ ഇനങ്ങളുമായി വ്യത്യാസമുള്ളതായി കാണുന്നു. 41.53% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി 2018-DSR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

| ക്രമ നം. | പദ്ധതി, എം. ബുക്ക് നം., കോൺട്രാക്ടർ | ബിൽ നം., തുക | എം. ബുക്കിൽ രേഖപ്പെടുത്തിയ ഇനം, അളവ് | നേരിട്ടുള്ള പരിശോധനയിൽ കണ്ടെത്തിയ ഇനം, ബാധകമായ കോഡ് | നൽകിയ നിരക്ക്, തുക (₹) | നൽകാവുന്ന നിരക്ക്, തുക (₹) | 12% GST അടക്കം അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|---|
| 1 | കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി വാർഡ് I (133/22), 277/21-22, ഫ്രാൻസീസ് ആന്റണി | 170/ 21.02.22 ₹199492/- | ഇനം 1 10.16.1 സ്റ്റീൽ ട്രസ് വർക്ക് (പേജ് നം. 1,2,6), 501.596 Kg. | പ്രസ്തുത ഇനം സിംഗിൾ സെക്ഷൻ സ്റ്റീൽ വർക്കാണ്. (10.1) | 176.2 501.596x176.2= 88381.22 | 105.72 501.596x105.72= 53028.73 | 39595 |
| 2 | കോവിഡ് വാക്സിനേഷൻ സെന്റർ (168/22), 155/21-22 റ്റി.വി. രാജേന്ദ്രൻ | 73/12 ₹996020/- | ഇനം 7 10.16.1 സ്റ്റീൽ ട്രസ് വർക്ക് (പേജ് നം. 9,10,11,22), 582.325 Kg. | പ്രസ്തുത ഇനത്തിൽ 377.056 Kg. ഭാരമുള്ള റൂഫിംഗ് ഭാഗം സിംഗിൾ സെക്ഷൻ സ്റ്റീൽ വർക്കാണ്. (10.1) | 176.2 582.325x176.2= 102605.67 | 105.72 377.056 X105.72= 39862 | 33277 |
| | | | | ബാക്കിയുള്ള അളവ് (205.269kg.) സ്റ്റീൽ ഫ്രയിം വർക്കിൽ ഉൾപ്പെട്ടതാണ് (10.25.2) | | 160.92 205.269x160.92= 33032 | |
| | | | ഇനം 18 (13.46.1) Finishing Walls With Acrylic Smooth Exterior Painting- New Work (പേജ് നം. 17,18,27) Total Area | 222.28 M2 വിസ്തീർണ്ണത്തിൽ പെയിന്റ് ചെയ്ത പഴയ കെട്ടിടവും കൂടി ഉൾപ്പെട്ടത്തിയാണ് ആകെ അളവെടുത്തിരിക്കുന്നത്. Finishing Walls With Acrylic | 202 324.684x202= 65586.17 | 122.78, 202 222.28x122.78+ 102.404x202= 47977 | 19722 |

| | | | | | |
|---|---|---|---|---|---|
| | 324.684 M2 | Smooth Exterior Painting-Old Work (13.111.1) | | | |

യഥാർത്ഥത്തിൽ ആവശ്യമായ ഇനങ്ങൾക്ക് പകരം നിരക്ക് കൂടിയ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കിയതിനാൽ ആദ്യ പ്രവൃത്തിയിൽ ₹39,595/-യുടെയും രണ്ടാമത്തെ പ്രവൃത്തിയിൽ ₹52,999/-യുടെയും ഉൾപ്പെടെ ആകെ ₹92,594/-ന്റെ നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രസ്തുത വിവരം അസി. എഞ്ചിനീയറെ അറിയിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി-3/തീ.18.11.2022) മറുപടി ലഭിച്ചില്ല.

നഷ്ട തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-24 ഒരേ റോഡ് നിർമ്മാണ പ്രവൃത്തി രണ്ട് പ്രോജക്ടുകളിലൂടെ നടപ്പാക്കിയത് മൂലം അധിക ചെലവുണ്ടായി

ഒരു പ്രവൃത്തിയായി പൂർത്തിയാക്കേണ്ട അച്ചക്കട ടഞ്ച്മേട് ഭാഗത്തെ റോഡ് കോൺക്രീറ്റിംഗ് രണ്ട് പ്രോജക്ടുകളിലൂടെയാണ് തൻവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | അടങ്കൽ (₹) |
|---|---|---|
| 1 | എസ്.042/22, അച്ചക്കട ടഞ്ച്മേട് റോഡ് | 1000000 |
| 2 | എസ്. 139/22 , അച്ചക്കട ടഞ്ച്മേട് റോഡ് | 500000 |

ഒരേ ഇനങ്ങൾ ഉൾപ്പെടുത്തിയ രണ്ട് പ്രവൃത്തികളുടെയും ഭരണാനുമതി നമ്പർ ഒന്നുതന്നെയാണ് (AS No.111/2021/DPC/IDK/22.02.2021). ആദ്യ പ്രവൃത്തി പ്രകാരം പൂർത്തിയാക്കിയ റീച്ചിന് തുടർച്ചയായാണ് രണ്ടാമത്തെ പ്രോജക്ട് പ്രകാരമുള്ള കോൺക്രീറ്റിംഗും ചെയ്തത്. രണ്ട് പ്രോജക്ടുകളും ഇ-ടെൻഡറിലൂടെ വ്യത്യസ്ത കരാറുകാർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ഇനം തിരിച്ച് നിരക്കുകൾ ക്വോട്ട് ചെയ്യപ്പെട്ട പ്രസ്തുത പ്രോജക്ടുകളിൽ ആദ്യത്തേതിന് കുറഞ്ഞ നിരക്കിലും രണ്ടാമത്തേതിന് കൂടിയ നിരക്കിലുമാണ് കരാറുകാർ ക്വോട്ട് ചെയ്തിരുന്നത്. ₹15,00,000/-യുടെ ഒരു പ്രവൃത്തിയായി ആദ്യ പ്രോജക്ടിന്റെ നിരക്കുകളിൽ പൂർത്തീകരിച്ചിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ധനലാഭത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം, അളവ് | ആദ്യ പ്രോജക്ടിന്റെ | രണ്ടാമത്തെ പ്രോജക്ടിന്റെ | ആദ്യ പ്രോജക്ടിന്റെ നിരക്കിൽ രണ്ടാമത്തെ | അധികം നൽകിയ | 12% GST അടക്കം |
|---|---|---|---|---|---|

| | നിരക്ക് | നിരക്ക്, നല്കിയ തുക (₹) | പ്രോജക്ട് നടപ്പാക്കിയിരുന്നവെങ്കിൽ നൽകേണ്ട തുക (₹) | തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| എർത്ത് വർക്ക് 59.325 എം3 | 108.65/m3 | 148/m3 59.325x148= 8780.1 | 59.325x108.65= 6445.66 | 2334 | 2614 |
| 1:2:4 കോൺക്രീറ്റ് 50.85 എം3 | 6297.34/m3 | 7000/m3 50.85x7000= 355950 | 50.85x 297.34= 320219.74 | 35730 | 40018 |

ആദ്യ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചതിന് ശേഷം പദ്ധതി വിഹിതത്തിൽ വന്ന സേവിംഗ്സ് തുക കൊണ്ട് തുടർന്നുള്ള റീച്ച് കൂടി കോൺക്രീറ്റ് ചെയ്യാൻ പ്രോജക്ട് ഏറ്റെടുക്കാൻ പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടതനുസരിച്ചാണ് രണ്ടാമത്തേതും വിഭാവനം ചെയ്തതെന്നാണ് ഇത് സംബന്ധിച്ച് അസി. എഞ്ചിനീയർ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്.

അവധാനപൂർവം പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന് ₹42,632/-യുടെ നഷ്ടം സംഭവിച്ചതെന്ന് വ്യക്തമാണ്. സർക്കാർ ഗ്രാന്റിന്റെ അലോട്ട്മെന്റിൽ വരുന്ന കുറവ് മൂലം വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്താൻ കഴിയാതെ ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം നിലനിൽക്കെയാണ് ഇത്തരം അലസമായ പ്രവർത്തനത്തിലൂടെ പദ്ധതിപ്പണം പാഴാക്കിക്കളയുന്നത്. ഭാവിയിൽ ഇതുപോലുള്ള സാഹചര്യങ്ങൾ കർശനമായി ഒഴിവാക്കുന്നതിനായി വിഷയം വർക്കിംഗ് ഗ്രൂപ്പ്, ഭരണ സമിതി എന്നിവരുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

1-25 SSA/PMAYവിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സർവ്വ ശിക്ഷാ അഭിയാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം, PMAY-യ്ക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവ നൽകുന്നതിനായി വിവിധ പ്രോജക്ടുകൾ മുഖേന തൻവർഷം തുക കൈമാറിയിട്ടുണ്ടെങ്കിലും അതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക ₹ | വൗച്ചർ/ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | എസ്.02/2022, SSA വിഹിതം നൽകൽ | SSAജില്ലാ പ്രോജക്ട് ഓഫീസർ, ഇടുക്കി | 500000 | 21100452012600265272/ തീ.04.08.2021 |
| 2 | എസ്.003/2022 PMAY അധിക | ബ്ലോക്ക് പഞ്ചായത്ത് | 100000 | 21100452012600265264/ തീ.04.08.2021 |

| | | | | |
|---|---|---|---|---|
| | വിഹിതം നൽകൽ | നെടുങ്കണ്ടം | | |
| 3 | എസ്.181/2022 PMAY (ആവാസ് പ്ലസ്) അധിക വിഹിതം നൽകൽ | ബ്ലോക്ക് പഞ്ചായത്ത് നെടുങ്കണ്ടം | 315000<br>420000 | വൗച്ചർ നം.22101298/ 31.03.2022<br>വൗച്ചർ നം.22101306/ 31.03.2022 |
| | ആകെ | | 1335000 | |

കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഒരേ വ്യക്തികൾക്ക് ഒന്നിലധികം പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം നൽകി - ₹37,315/- നിരാകരിക്കുന്നു

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് നടപ്പാക്കിയപ്പോൾ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത 7 പേർക്ക് ആനുകൂല്യം നൽകിയത് മൂലം ₹37,315/- പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 1-17ൽ ചേർത്തിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-10(ബി)യിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-2 അധിക നിരക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും യഥാർത്ഥത്തിൽ നിർവ്വഹിക്കാത്ത ഇനം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്ടുകൾ നടപ്പാക്കി

പഞ്ചായത്ത് നടപ്പാക്കിയ 2 മരാമത്ത് പ്രവൃത്തികളിൽ യഥാർത്ഥത്തിൽ ആവശ്യമായ ഇനങ്ങൾക്ക് പകരം നിരക്ക് കൂടിയ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും നിർവ്വഹിക്കാത്ത ഇനം ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്ടുകൾ നടപ്പാക്കിയത് മൂലം ആകെ ₹92,594/- പഞ്ചായത്തിന് നഷ്ടമായി. വിശദാംശങ്ങൾ ഖണ്ഡിക 1-23ൽ ചേർത്തിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-10(ബി)യിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം ***

2021-22 വർഷത്തെ സംയുക്ത പദ്ധതി ഇനത്തിലെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് ₹ | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2021-22 | 3375130 | 5000000 | കരുണാപുരം മാർക്കറ്റ് നിർമ്മാണം | 8125613 | 249517 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2021-22 | 2200000 | 0 | ലൈഫ് വിഹിതം | 0 | 2200000 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 200000 | ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങൽ (142/22) | 200000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 3125613 | കുഴുപാലത്ത് ആധുനീക പബ്ലിക മാർക്കറ്റ് സമുച്ചയം (86/22) | 3125613 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 1500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (25/22) | 1500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 1130000 | ലൈഫ് ഭവന പദ്ധതി എസ്.സി. വിഹിതം (115/22) | 1130000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 50000 | ലൈഫ് ഭവന പദ്ധതി എസ്.സി. വിഹിതം (143/22) | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 1210000 | ലൈഫ് ഭവന പദ്ധതി ജനറൽ വിഹിതം (144/22) | 1210000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

- ഇല്ല -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ തൻവർഷം ₹4,40,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ജവഹർ ഭവനപദ്ധതി | നം.11.ബിഡി.1/ 2016 തസ്വഭവ തീ. 20.01.2016 | 15000000 | 7500000 | ഇല്ല | 1500000 | 341012 | 6000000 |
| ലൈഫ് മിഷൻ | ലഭ്യമല്ല | 61460000 | 52630667 | 440000 | 4326667 | - | 48744000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹1538000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹1538000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹538000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. സ്ഥിര നിക്ഷേപ കാലയളവ് 29.03.2022-ൽ അവസാനിച്ചെങ്കിലും നിക്ഷേപം പുതുക്കിയിട്ടില്ല. ആയതിനാൽ പലിശയിനത്തിൽ നഷ്ടമുണ്ടാകുന്നതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ |
|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം സർട്ടിഫിക്കറ്റ് നം.0240 | 21.03.2021 | 12 മാസം (7.6% പലിശ) | 538000 |

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല –

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2003-04 | | ട്രാക്ടറിന് അധിക ചെലവ് ₹8,570/- | തൽസ്ഥിതി തുടരുന്നു |
| 2000-01 | 39 | 2003-04 | 6.3.2 | കറന്റ് ചാർജ്ജ് ₹27,876 | തൽസ്ഥിതി തുടരുന്നു |
| 2006-07 | 2-7 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് കൊടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് – ഷോപ്പിംഗ് കോംപ്ലക്സ് ളുക്കപാലം മാർക്കറ്റ്-നഷ്ടം – ₹7,527/- | തൽസ്ഥിതി തുടരുന്നു |
| 2007-08 | 3-4 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം – കെ.എസ്.ഇ.ബി, എസ്.എസ്.എ, ഊർജ്ജ സുരക്ഷ മിഷൻ – ₹6,08,047/- | തൽസ്ഥിതി തുടരുന്നു |
| 2008-09 | 3-12 | 2011-12 | 2-4 | വരുമാന പരിധിയിലും ഉയർന്ന വരുമാനമുള്ളവർക്ക് ആനുകൂല്യം നൽകി – ₹2,000/- | തൽസ്ഥിതി തുടരുന്നു |
| | അനുബന്ധം 2 | 2014-15 | | നിഷ്ക്രിയ ആസ്തികൾ - അവലോകന റിപ്പോർട്ട് | തൽസ്ഥിതി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി – അപാകതകൾ | തൽസ്ഥിതി തുടരുന്നു |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

-- ഇല്ല –

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാ ക്കിയ തുക (രസീത് | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ | കോടതി വ്യവഹാര ങ്ങൾ | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാദ്ധ്യത | റി മാ ർ ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | | | നം./ തീയതി) | ക്കിയ തുക (തീയതി) | | | | | |
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28 | പി.റ്റി. ഏലിയാമ്മ | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 4548 | | | | | | 4548 | |
| | | 30 | " | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 517 | | | | | | 517 | |
| | | 31 | " | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 2250 | | | | | | 2250 | |
| | | 32 | " | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 539 | | | | | | 539 | |
| | | 33 | " | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 7425 | | | | | | 7425 | |
| | | 34 | " | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 2946 | | | | | | 2946 | |
| | 2000-01 | 21 | പി. ഡി. രവീന്ദ്രൻ | LF 11295/ Spl. Cell. SC2/05 തീയതി. 20.06.06 | 2820 | | | WP(C)/ 1870/ 20/09 | | | 2820 | |
| | 2000-01 | 25 | " | LF 11295/ Spl. Cell. SC2/05 തീയതി. 20.06.06 | 8050 | | | WP(C)/ 1870/ 20/09 | | | 8050 | |
| | 2000-01 | 38 | " | LF 11295/ Spl. Cell. SC2/05/ തീയതി. 20.06.06 | 48701 | | | WP(C)/ 1870/ 20/09 | | | 48701 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2000-01 | 39 | “ | LF 11295/ Spl. Cell. SC2/05/ തീയതി. 20.06.06 | 48701 | | | WP(C)/ 1870/ 20/09 | | | 48701 | |
| | 2000-01 | 45 | “ | LF 11295/ Spl. Cell. SC2/05/ തീയതി. 20.06.06 | 6394 | | | WP(C)/ 1870/ 20/09 | | | 6394 | |
| | 2000-01 | 48 | “ | LF 11295/ Spl. Cell. SC2/05/ തീയതി. 20.06.06 | | | | | | | | |
| 1 | 2001-02 | 2-2 2-11, 2-14(2) | പി ഡി രവീന്ദ്രൻ | LF 6903/ 2006 തീയതി. 02.05.05 | 242000 | - | - | - | - | - | 242000 | - |
| 2 | 2005-06 | 3-4 | എൻ. ജെ. ജോസഫ് | LF 1781/ Spl. Cell./ SC2/08/ തീയതി. 13.05.10 | 2158 | - | - | - | - | - | - | - |
| | “ | “ | കെ. എം. ഉഷാനന്ദൻ | LF 1781/ Spl. Cell./ SC2/08/ തീയതി. 13.05.10 | 2159 | | | | | | 2159 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹14415694.00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 109723042.00 |
| ആകെ | ₹124138736.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹113564835.00 |
| നീക്കിയിരിപ്പ് | ₹10573901.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹129909.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3125613.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 37315 | ശ്രീ. ബിനാഷ് തോമസ് |

| | | | |
|---|---|---|---|
| | | | ഡയറി ഫാം ഇൻസ്പക്ടർ |
| 3-2 | - | 92594 | ശ്രീ. സാം ക്രിസ്റ്റി ജോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 3125613 | ശ്രീമതി. റസീന കെ. എസ്.<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| -- ഇല്ല -- | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-- ഇല്ല --

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിനാഷ് തോമസ്<br>ഡയറി ഫാം ഇൻസ്പക്ടർ | ഡയറി ഫാം ഇൻസ്പക്ടർ | ചേരിങ്കൽ<br>നെടുങ്കണ്ടം പി. ഒ.<br>നെടുങ്കണ്ടം, ഇടുക്കി |
| ശ്രീമതി. റസീന കെ. എസ്.<br>സെക്രട്ടറി | സെക്രട്ടറി | പൂമാല ഹൗസ്<br>പീരുമേട് പി. ഒ.<br>ഇടുക്കി |
| ശ്രീ. സാം ക്രിസ്റ്റി ജോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | തെക്കേപ്പറമ്പിൽ ഹൗസ്<br>കോണിപ്പാട് പി. ഒ.<br>ചാലമറ്റം, കോട്ടയം |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2007-08 | കെഎസ്എ.-ഐഡികെ.- | 3 | 2-6, 3-4, 3-5 |

| | | | |
|---|---|---|---|
| | പി6/1330/(2007-08/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | | |
| 2008-09 | കെഎസ്എ.-ഐഡികെ.-പി6/1330/(2008-09/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 8 | 3-4, 3-6(ബി), 3-9, 3-10, 3-11, 3-12, 3-14, 3-15 |
| 2009-10 | കെഎസ്എ.-ഐഡികെ.-പി6/1330/(2009-10/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 4 | 3-6, 3-9, 3-11, 3-12 |
| 2010-11 | കെഎസ്എ.-ഐഡികെ.-പി6/1330/(2010-11/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 6 | 3-6, 3-9, 3-10, 3-11, 3-12, 3-13 |
| 2011-12 | കെഎസ്എ.-ഐഡികെ.-പി6/1330/(2011-12/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 2 | 2-2, 3-3 |
| 2012-13 | കെഎസ്എ.-ഐഡികെ.-പി6/1330/(2012-13/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 2 | 2-1, 3-2 |
| 2013-14 | കെഎസ്എ.-ഐഡികെ.-പി6/1330/(2013-14/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 3 | 2-3, 3-1, 3-3 |
| 2014-15 | കെഎസ്എ.-ഐഡികെ.-പി6/1330/(2014-15/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 1 | 3-1 |
| 2015-16 | കെഎസ്എ.-ഐഡികെ.-പി6/1330/(2015-16/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 3 | 2-3, 2-4,3-7 |
| 2016-17 | കെഎസ്എ.-ഐഡികെ.-പി6/1330/(2016-17/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 5 | 2-2, 3-1, 3-2, 3-4, 3-6 |
| 2017-2018 | കെഎസ്എ.-ഐഡികെ.-പി6/1330/(2017-18/അദാലത്ത് ഓഗസ്റ്റ്/സ്പെ.സെൽ.)/2022 തീയതി. 13.09.2022 | 2 | 2-3, 3-7 |
| 2018-19 | കെഎസ്എ.-ഐഡികെ.-12/860/20 തീയതി. 16.11.2020 | 15 | 1-11 മുതൽ 1-25 വരെ |
| 2019-20 | കെഎസ്എ.-ഐഡികെ.-12/1169/21 തീയതി. 17.03.2022 | 12 | 1-10, 1-11, 1-13, 1-17, 1-19, 1-21, 1-23, 3-4, 3-5, 4-8, 4-9, 4-10 |
| 2020-21 | കെഎസ്എ.-ഐഡികെ.-12/1170/21 തീയതി. 17.03.2022 | 4 | 1-3-1, 1-16, 1-18, 1-19, 1-21, 1-22, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്‌ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്